REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കേരളത്തിലെത്തും.
- രാജ്യത്ത് പെട്രോളിനും ഡീസലിനും ലിറ്ററിന് രണ്ട് രൂപ വീതം വില കുറച്ചു.
- സമഗ്രവും സർവ്വതല സ്പർശിയുമായ വികസന കാഴ്ചപ്പാടിന് ഉദാഹരണമാണ് കൊച്ചി വാട്ടർ മെട്രോയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഇന്ന് മുതൽ മൂന്ന് ദിവസം റേഷൻ വിതരണം ഉണ്ടാവില്ലെന്ന് മന്ത്രി G.R. അനിൽ.
- ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ലക്ഷ്യ സെൻ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കേരളത്തിലെത്തും. ഉച്ചയ്ക്ക് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ, NDA സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പു പ്രചാരണ യോഗത്തെ നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്..........

പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിൽ ഹെലികോപ്റ്ററിലെത്തുന്ന പ്രധാനമന്ത്രിയെ NDA നേതാക്കളും മുതിർന്ന BJP നേതാക്കളും ചേർന്ന് സ്വീകരിക്കും. ഉച്ചയ്ക്ക് ഒന്നേകാലോടെ റോഡ് മാർഗം ജില്ലാ സ്റ്റേഡിയത്തിലെ പൊതുവേദിയിലെത്തുന്ന പ്രധാനമന്ത്രി ജനങ്ങളെ അഭിസംബോധന ചെയ്ത ശേഷം രണ്ടേകാലോടെ കൊച്ചിയിലേക്ക് പോകും.

NDA സ്ഥാനാർത്ഥികളായ V. മുരളീധരൻ, അനിൽ കെ ആന്റണി, ശോഭാ സുരേന്ദ്രൻ, ബൈജു കലാശാല, എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

സന്ദർശനത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ വൻ സുരക്ഷാ മുന്നൊരുക്കങ്ങൾ ഏർപ്പെടുത്തി. മുനിസിപ്പൽ സ്റ്റേഡിയത്തിലും പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിലും ഡ്രോണുകൾ നിരോധിച്ചു. പത്തനംതിട്ട ടൗൺ മേഖലയിൽ ഇന്ന് ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തും ഉച്ചവരെ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

ഇലക്ടറൽ ബോണ്ടുകൾ സംബന്ധിച്ച് സ്റ്റേറ്റ് ബാങ്കിൽ നിന്ന് ലഭിച്ച വിവരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗിക വെബ്സൈറ്റിൽ അപ്-ലോഡ് ചെയ്തു. സുപ്രീം കോടതി

നിർദ്ദേശ പ്രകാരം കഴിഞ്ഞ ചൊവ്വാഴ്ചയാണ് SBI ബോണ്ട് വിവരങ്ങൾ കമ്മീഷന് കൈമാറിയത്. തെരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗിക വെബ്സൈറ്റിൽ ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാണ്.

✪✪✪

തെരഞ്ഞെടുപ്പ് കമ്മീഷനിലെ ഒഴിവുകളിൽ, വിരമിച്ച IAS ഉദ്യോഗസ്ഥരായ ഗ്യാനേഷ് കുമാറിനെയും സുഖ്ബീർ സിംഗ് സന്ധുവിനെയും നിയമിച്ചു. കേന്ദ്ര നിയമ നീതി മന്ത്രാലയമാണ് ഉത്തരവ് പുറപ്പെടുവിച്ചത്. അനൂപ് ചന്ദ്ര പാണ്ഡെ, വിരമിച്ച ഒഴിവിലും അരുൺ ഗോയൽ രാജിവെച്ച ഒഴിവിലുമാണ് നിയമനം.

✪✪✪

രാജ്യത്ത് പെട്രോളിനും ഡീസലിനും ലിറ്ററിന് രണ്ട് രൂപ വീതം വില കുറച്ചു. രാവിലെ ആറ് മുതൽ പുതുക്കിയ വില നിലവിൽ വന്നു.

കൊച്ചിയിൽ പെട്രോളിന് 105 രൂപ 57 പൈസയും ഡീസലിന് 94 രൂപ 56 പൈസയുമാണ് പുതിയ വില.

ഡെസ്ക് റിപ്പോർട്ട്......

..........വോയ്സ്...........

രണ്ട് വർഷത്തിന് ശേഷമാണ് രാജ്യത്ത് ഇന്ധന വിലയിൽ കുറവ് വരുത്തുന്നത്. കോടിക്കണക്കിന് സാധാരണക്കാരുടെ ക്ഷേമവും ആശ്വാസവുമാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആദ്യ മുൻഗണനയെന്ന് ഇന്ധന വില കുറച്ചതിലൂടെ, ഒരിക്കൽ

കൂടി തെളിഞ്ഞതായി കേന്ദ്ര മന്ത്രി ഹർദീപ് സിങ് പുരി X പോസ്റ്റിൽ കുറിച്ചു.

പെട്രോൾ, ഡീസൽ വിലയിലെ കുറവ് ഉപഭോക്താക്കളുടെ ക്രയ ശേഷി വർദ്ധിപ്പിക്കുമെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രാലയവും സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. 58 ലക്ഷം ചരക്ക് വാഹനങ്ങൾ, ആറ് കോടി കാറുകൾ, 27 കോടി ഇരുചക്ര വാഹനങ്ങൾ എന്നിവയുടെ പ്രവർത്തന ചെലവ് കുറയ്ക്കുമെന്ന് മന്ത്രാലയത്തിന്റെ പോസ്റ്റിൽ പറയുന്നു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഹൈദരാബാദിലെത്തും. കന്ഹാ ശാന്തി വനത്തിൽ, ലോക ആത്മീയ മഹോത്സവത്തിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

സമഗ്രവും സർവ്വതല സ്പർശിയുമായ വികസന കാഴ്ചപ്പാടിന് ഉത്തമ ഉദാഹരണമാണ് കൊച്ചി വാട്ടർ മെട്രോയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊച്ചി വാട്ടർ മെട്രോയുടെ നാല് ടെർമിനലുകൾ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കൊച്ചി വാട്ടർ മെട്രോ പൂർണണസജ്ജമാകുന്നതോടെ 38 ടെർമിനലുകളെ ബന്ധിപ്പിച്ച് 78 ബോട്ടുകൾ സർവീസ് നടത്തുമെന്ന് അദ്ദേഹം പറഞ്ഞു.

വാട്ടർ മെട്രോയുടെ വരവോടെ കൊച്ചിയുടെ എല്ലാ ദ്വീപുകളും ടൂറിസം കേന്ദ്രങ്ങളായി മാറുമെന്ന് ചടങ്ങിൽ

അധ്യക്ഷനായിരുന്ന മന്ത്രി P. രാജീവ് വിലയിരുത്തി. ദേശീയ ജലപാതയുടെ ആദ്യഘട്ടം ഈ വർഷം ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഡിസംബർ, ജനുവരി മാസത്തെ ബില്ലുകൾ പാസ്സാക്കി പണം നല്കാൻ ട്രഷറിക്ക് നിർദേശം നൽകിയതായി മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. 1,303 കോടി രൂപയുടെ ബില്ലുകളാണ് മാറി നൽകുന്നത്.

✪✪✪

മിലിട്ടറി നഴ്സിംഗ് സർവ്വീസിൽ നീണ്ട കാലത്തെ സേവനത്തിന് ശേഷം വിരമിച്ച നഴ്സുമാർക്ക് വിമുക്തഭട പദവി പുനഃസ്ഥാപിക്കണം എന്നതടക്കം ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. മുൻ സൈനിക നഴ്സുമാരുടെ സംഘം അഖില ഭാരതീയ പൂർവ്വ സേന സൈനിക് പരിഷത്ത് നേതാവ് ലഫ്റ്റനന്റ് കേണൽ T.P പൊന്നമ്മയുടെ നേതൃത്വത്തിൽ മന്ത്രിയെക്കണ്ട് നിവേദനം കൈമാറി. സൈനിക ക്ഷേമ ആവശ്യങ്ങൾ വലിയ പ്രാധാന്യത്തോടെയാണ് ഗവൺമെന്റ് കാണുന്നതെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

മുൻഗണനാ റേഷൻ കാർഡുകളുടെ മസ്റ്ററിംഗ് ഇന്ന് മുതൽ 17 വരെ നടത്തുന്നതിനാൽ ഈ ദിവസങ്ങളിൽ റേഷൻ വിതരണം ഉണ്ടാവില്ലെന്ന് മന്ത്രി G.R. അനിൽ അറിയിച്ചു. രാവിലെ എട്ട് മുതൽ വൈകിട്ട് ഏഴ് വരെ കാർഡ് ഉടമകൾക്ക്

ഇതിനായി സജ്ജീകരിച്ച ക്യാമ്പുകളിലെത്തി മസ്റ്ററിംഗും KYC അപ്ഡേഷനും നൽകാം.

✪✪✪

പ്രാഥമിക സഹകരണ സംഘങ്ങളിലെ സ്ഥിര നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിച്ചു. മുതിർന്ന പൗരന്മാരുടെ നിക്ഷേപങ്ങൾക്ക് പരമാവധി എട്ടേമുക്കാൽ ശതമാനം വരെ പലിശ ലഭിക്കും. മന്ത്രി V.N വാസവന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് തീരുമാനം. പുതുക്കിയ നിരക്ക് ഇന്നലെ പ്രാബല്യത്തിൽ വന്നു.

✪✪✪

മലയോര ഹൈവേ, മേഖലയുടെ സമഗ്ര വികസനത്തിന് ഗുണകരമായി മാറുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് പെരുവണ്ണാമൂഴി മുതൽ ചെമ്പ്ര വരെ മലയോര ഹൈവേയുടെ പ്രവൃത്തി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പെരുവണ്ണാമൂഴി, കക്കയം, തോണിക്കടവ് തുടങ്ങിയ ടൂറിസം പദ്ധതികൾക്ക് റോഡ് വികസനം ഏറെ പ്രയോജനപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു.

വയനാടിലേക്ക് ചുരമില്ലാത്ത പൂഴിത്തറ പടിഞ്ഞാറേത്തറ പാത സാധ്യമാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി ഒന്നരക്കോടി രൂപ അനുവദിച്ചതദായും മന്ത്രി അറിയിച്ചു. പെരുവണ്ണാമൂഴി മുതൽ ചെമ്പ്രവരെ അഞ്ചര കിലോമീറ്ററിലേറെ ദൂരം 12 മീറ്റർ വീതിയിലാണ് വികസിപ്പിക്കുന്നത്.

✪✪✪

പൗരത്വ ഭേദഗതി നിയമ വിഷയത്തിൽ LDF-ഉം- UDF-ഉം സമൂഹത്തിൽ ഭിന്നതയുണ്ടാക്കാൻ മത്സരിക്കുകയാണെന്ന് BJP ദേശീയ നിർവാഹക സമിതി അംഗം P.K.കൃഷ്ണദാസ് ആരോപിച്ചു. NDA കോഴിക്കോട് പാർലമെന്റ് മണ്ഡലം കേന്ദ്രതിരഞ്ഞെടുപ്പ് കമ്മറ്റി ഓഫിസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓരോ ദിവസവും NDA_യ്ക്ക് വിജയസാധ്യത ഏറുകയാണെന്നും LDF-ഉം NDA-യും തമ്മിലാണ് കേരളത്തിലെ തെരഞ്ഞെടുപ്പ് പോരാട്ടമെന്നും കൃഷ്ണദാസ് പറഞ്ഞു.

✪✪✪

ഈ തെരഞ്ഞെടുപ്പോടെ കേരളത്തിലും കോൺഗ്രസ് നാമാവശേഷമാകുമെന്ന് BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ പറഞ്ഞു. ദേശീയ തലത്തിൽ കോൺഗ്രസ് ഇല്ലാതായിക്കഴിഞ്ഞതുകൊണ്ടാണ് രാഹുൽ ഗാന്ധി ഇത്തവണയും വയനാട്ടിൽ തന്നെ മത്സരിക്കാൻ തീരുമാനിച്ചതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. NDA തിരുവനന്തപുരം പാർലമെന്റ് മണ്ഡലം തെരഞ്ഞെടുപ്പ് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു സുരേന്ദ്രൻ.

✪✪✪

സംസ്ഥാനത്ത് വിലകയറ്റം മൂലം സാധാരണക്കാർക്ക് ജീവിക്കാൻ പറ്റാത്ത അവസ്ഥയായെന്ന് മുതിർന്ന കോൺഗ്രസ് നോതാവും KPCC പ്രചാരണവിഭാഗം അധ്യക്ഷനുമായ രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. UDF-ന്റെ ഹരിപ്പാട് നിയോജകമണ്ഡലം കൺവൻഷൻ ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. ക്ഷേമനിധി ബോർഡുകൾ തകരുകയും പരമ്പരാഗത തൊഴിലാളികൾക്ക് പെൻഷനും ആനുകൂല്യങ്ങളും ലഭിക്കാതെ വർഷങ്ങളാണ് കടന്നു പോകുന്നതെന്നും ചെന്നിത്തല പറഞ്ഞു. ക്രമസമാധാന നില തകരുകയും കാമ്പസുകളിലെ ഗവൺമെന്റ് സ്പോൺസേർഡ് ആക്രമ പരമ്പരകൾക്ക് അവസാന തെളിവാണ് പൂക്കോട് കാമ്പസിലെ സിദ്ധാർത്ഥിന്റെ മരണമെന്നും ചെന്നിത്തല ആരോപിച്ചു.

✪✪✪

ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ലോക മൂന്നാം നമ്പർ താരം ആൻഡേഴ്സ് അന്റൺസനെ പരാജയപ്പെടുത്തിയാണ് ലക്ഷ്യ സെന്നിന്റെ ക്വാർട്ടർ ഫൈനൽ പ്രവേശനം. അതേ സമയം ഇന്ത്യയുടെ P.V സിന്ധു പ്രീക്വാർട്ടർ ഫൈനലിൽ ദക്ഷിണ കൊറിയൻ താരത്തോട് പരാജയപ്പെട്ടു.

✪✪✪

ISL ഫുട്ബോളിൽ FC ഗോവയ്ക്ക് വിജയം. ഗോവയിൽ ബംഗളുരു FC യെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് അവർ തോൽപ്പിച്ചത്.

ഈ മാസം 30 ന് ബംഗളുരുവിൽ അടുത്ത മത്സരത്തിൽ ബംഗളുരു FC ഒഡീഷ FC യെ നേരിടും.

✪✪✪

NIA പുതുതായി രൂപകല്പന ചെയ്ത ക്രിമിനൽ കേസ് മാനേജ്മെൻറ് സിസ്റ്റം പരമാവധി സംസ്ഥാന പോലീസ് മേധാവികൾ പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ ആവശ്യപ്പെട്ടു. ഭീകരവാദത്തിനും സംഘടിത കുറ്റകൃത്യങ്ങൾക്കും എതിരായി NIA തയ്യാറാക്കിയ ഡിജിറ്റൽ ക്രിമിനൽ കേസ് മാനേജ്മെൻറ് സിസ്റ്റം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട തെളിവുകളും രേഖകളും മറ്റും ക്രോഡീകരിക്കുന്നതിനും ഡിജിറ്റലാക്കുന്നതിനും പുതിയ സംവിധാനം പ്രയോജനപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു. കൊച്ചിയിലും ജമ്മുവിലും NIA-യ്ക്ക് സ്വന്തമായി രണ്ട് പുതിയ ബ്രാഞ്ച് ഓഫീസുകളും, റായിപൂരിൽ ഒരു പാർപ്പിട സമുച്ചയവും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് ആകാശവാണി, തളി സാധകം സംഗീത സഭയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഈ വർഷത്തെ സ്വാതി തിരുനാൾ സംഗീതോത്സവം, ചാലപ്പുറം കേസരി ഭവൻ ഓഡിറ്റോറിയത്തിൽ ഇന്ന് ആരംഭിക്കും. മൂന്ന് ദിവസത്തെ പരിപാടിയിൽ ഇന്ന് വൈകിട്ട് രഞ്ജിത് വാര്യർ, നാളെ മാതംഗി സത്യമൂർത്തി, ഞായറാഴ്ച ശ്രീവത്സൻ ജെ.മേനോൻ, എന്നിവർ സംഗീതക്കച്ചേരികൾ അവതരിപ്പിക്കും.

✪✪✪

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ സ്ഥാപകനും തിരുവനന്തപുരം അതിരൂപതയുടെ ആദ്യ മെത്രോപൊലീത്തയുമായിരുന്ന ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസിനെ, മാർപ്പാപ്പ, ധന്യൻ പദവിയിലേക്ക് ഉയർത്തി. ഇതുമായി ബന്ധപ്പെട്ട് വൈകിട്ട് കബറിടം സ്ഥിതി ചെയ്യുന്ന പട്ടം സെന്റ് മേരീസ് കതീഡ്രൽ ദേവാലയത്തിൽ കൃതജ്ഞതാ ബലിയും അനുസ്മരണ ശുശ്രൂഷകളും നടത്തും.

✪✪✪

കേരള സർവ്വകലാശാല കലോത്സവത്തിൽ കോഴ വാങ്ങി ഫലം അട്ടിമറിച്ചെന്ന ആരോപണം നേരിട്ട ഷാജിയുടെ മരണത്തിന് ഉത്തരവാദികൾ SFI ആണെന്ന് BJP സംസ്ഥാന സെക്രട്ടറി K. ശ്രീകാന്ത് കുറ്റപ്പെടുത്തി.

ആത്മഹത്യയെപ്പറ്റി സമഗ്ര അന്വേഷണം വേണമെന്ന് മുസ്ലീം ലീഗ് കണ്ണൂർ ജില്ലാ കമ്മറ്റിയും ആവശ്യപ്പെട്ടു.

✪✪✪

കേരള മദ്രസാ അധ്യാപക ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചു. കാരാട്ട് റസാഖാണ് ചെയർമാൻ. ബോർഡിൽ 16 അംഗങ്ങളുണ്ട്.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന

വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪

സംസ്ഥാനത്ത് ഉയർന്ന ചൂട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാനിർദേശങ്ങൾ പുറപ്പെടുവിച്ചു. 11 മണി മുതൽ വൈകുന്നേരം മൂന്നുമണി വരെ തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, ശീതള പാനീയങ്ങൾ എന്നിവ ഒഴിവാക്കി പരമാവധി ശുദ്ധജലം കുടിക്കണമെന്നും നിർദേശമുണ്ട്.

✪✪✪